[Mr. M. Govindan.]

that it is a wholesome food. My fear is that like the cocoanut disease, this may continue for long. Let us destroy all the plantain trees affected by this disease and let us get rid of this infection once and for all from Travancore.

Mr. A. N. Sathyanesan : കർഷകപ്രധാനമായ ഈ രാജ്യത്ത്, കർഷകരെ സഹായിക്കുന്നതിനു — കർഷക ജനങ്ങളുടെ സാമ്പത്തിക സ്ഥിതിയെ ഉദ്ധരിക്കത്തക്ക വസ്തുതകൾ തെളിഞ്ഞുകണ്ടാൽ അവയെ തടയുന്നതിനു — ഡിപ്പാർട്ടുമെൻറ് ചെയ്യുന്ന ഏതു പ്രവർത്തനവും ജനതയുടെയും ജനപ്രതിനിധികളുടെയും ഗൗരവാവഹമായ ശ്രദ്ധയെ ആകർഷിക്കത്തക്കവയാണ്. തിരുവിതാംകൂറിൽ വാഴക്കൃഷി സർവസാധാരണമായി വളരെ പ്രാധാന്യമുള്ള കന്നല്ലെന്ന് ചിലർ ധരിച്ചേക്കാമെങ്കിലും പൊതുവേ നോക്കുന്നപക്ഷം 6 കോടി രൂപായോളം ആണ്ടിൽ ആവഴി ആർജ്ജിച്ച് പൊതുജനങ്ങൾക്കു ജീവിതാവശ്യങ്ങൾ നേടിക്കഴിയുന്ന ഒരു പ്രധാനപ്പെട്ട തൊഴിലാണെന്ന് സൂക്ഷ്മനേത്രഷകർക്ക് മനസ്സിലാക്കാൻ കഴിയും. ആ സ്ഥിതിക്ക് ഇത്ര പ്രധാനപ്പെട്ട വിഷയത്തെ സംബന്ധിച്ച് ജനങ്ങളുടെ അനേഷണബുദ്ധി ഡിപ്പാർട്ടുമെൻറിനെ ആകർഷിക്കുന്നതിനു മുമ്പുതന്നെ ജനങ്ങളുടെ രക്ഷ സർവപ്രധാനമായി കരുതുന്ന ഗവണ്മെൻറും അതിലേക്ക് ചുമതലപ്പെട്ടിരിക്കുന്ന വകുപ്പുദ്യോഗസ്ഥന്മാരും വളരെ നേരത്തെ വാഴയുടെ രോഗം കണ്ടുപിടിച്ച് തടയാൻ ചെയ്തിട്ടുള്ള ശ്രമത്തെ എത്രയും അഭിനന്ദിക്കേണ്ടിയിരിക്കുന്നു. ഈ ശ്രമങ്ങളിൽ പൊതുജനങ്ങളുടെയും പൊതുജന പ്രതിനിധികളുടേയും സൂക്ഷ്മവും കേന്ദ്രീകൃതവുമായിട്ടുള്ള സഹായങ്ങളും ഒത്താശകളും ലഭിക്കുമെന്നു ഗവണ്മെൻറിനും ഡിപ്പാർട്ടുമെൻറ് മേലധികാരികൾക്കും ദൃഢമായി വിശ്വസിക്കാവുന്നതാണു.

NON-OFFICIAL LEGISLATIVE BUSINESS.

THE KAMMALA (VISWAKARMA) BILL.

Mr. M. Govindan : I move that the consideration of the Bill be continued.

Mr. K. A. Raman Pillai : I second it.

Mr. N. Velu Achary (*Co-opted*): സർ, ഈ സഭയുടെ ആലോചനക്കൊത്തിട്ടുള്ള ബില്ലിനെ സംബന്ധിച്ച് സമുദായത്തിൽനിന്നും ഒരു പെറ്റീഷൻ അവതരിപ്പിക്കാനായി എന്നെ ഏൽപ്പിച്ചിട്ടുണ്ട്. സ്റ്റാൻറിംഗ് ആഡർ നമ്പ. പ്രകാരം അതവതരിപ്പിക്കണമെന്നപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Mr. N. Ramakrishna Pillai: The petition may be presented.

Mr. K. G. Kunjukrishna Pillai: There is no precedent for the member here for moving that petition and discussing it. The petition may be presented to the Secretary and it will be placed before the House.

President: You will proceed on the basis of Rules 182 and 184 of the Legislative Rules.

Mr. N. Velu Achary: ഈ പെറ്റിഷൻ വിശ്വകർമ്മ സമുദായത്തിൽ നിന്ന് സബ്മിറ്റ് ചെയ്തുകൊണ്ട് പറയുന്നതു ഈ ബില്ലിനെ സംബന്ധിച്ച് ഗവണ്മെൻറും സഭയും ചെയ്തിട്ടുള്ള വിലയേറിയ സഹായങ്ങളെ അഭിനന്ദിച്ചും ഈ ന്യൂനപക്ഷ സമുദായത്തിൻറെ വിജ്ഞനം കൊണ്ട് വരാൻപോകുന്ന ഭയങ്കരമായ വിപത്തിനെ പരിഹരിച്ചു കിട്ടാനുമാണ്. ഈ സമുദായത്തിലെ എത്രയും പില ആളുകളെമാത്രമേ ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളു എന്നും ആ സമുദായത്തിനു സാവ്വത്രികമായി തോഷമാണെന്നും ഈ ബില്ലിൽ എല്ലാവരേയും ഉൾപ്പെടുത്തുന്ന കാലത്തു ഈ ബില്ലു് സഭ പാസ്സാക്കണമെന്നും അല്പാത്തപക്ഷം ഉടൻ ഉപേക്ഷിക്കണമെന്നും ഉദ്ദേശിച്ചാണു്. എന്നാൽ ഈ സമുദായത്തിനെ പ്രതിനിധീകരിക്കാൻ ബഹുമാനപ്പെട്ട ഗവണ്മെൻറു് എന്നെ നാമനിർദ്ദേശം ചെയ്തുകൊണ്ടു് എൻറെ വിനീതമായ അഭിപ്രായം ഈ സഭാസമക്ഷം അവതരിപ്പിക്കേണ്ടിയിരിക്കുന്നു.

President: I take it that Mr. Velu Achari presents this petition under Sections 182 and 183 of the Rules.

Order, order. I should like to know what the honourable member wants to do just now. I take it that he wants to present the petition under Standing Orders 62 & 64 set out on page 161 of the Council Manual.

Mr. N. Velu Achary: Yes, Sir.

Secretary to the Council: then reads the petition.*

Mr. N. Velu Achary: ഒരു ബിൽ നിയമസഭയിൽ അവതരിപ്പിച്ചു് വാദപ്രതിവാദം നടന്നിട്ടു വളരെക്കാലമായി. ഞാൻ പറയുന്നതു പഴയ ബില്ലിനെ സംബന്ധിച്ചാണു്. ഇപ്പോൾ മി. എം. ഗോവിന്ദൻ അവർകൾ അവതരിപ്പിക്കുന്നതു ഒരു പുതിയ ബില്ലായിട്ടാണു്.

Mr. K. G. Kunjukrishna Pillai: Under Standing Order 64, a member shall confine himself to the statement of the parties.

* vide Appendix, page 246.

LIBRARY ARCHIVES Kerala Legislative Assembly

President: He is now making a speech. I take it that it is an answer to Mr. Govindan's motion. Does this Bill differ from the predecessor's Bill?

Mr. M. Govindan: It is the same in principle.

Mr. G. Nilakantan: Is not the present Bill the old Bill in the form in which it has been passed by the Assembly.

Mr. M. Govindan: Yes.

Mr. N. Velu Achary: സർ, അതല്ല. ഈ ബിൽ ഒരു പുതിയ ബില്ലായിട്ടാണ് ഈ മഹാസഭാസമക്ഷം ഹാജരാക്കിയതെന്നു തെളിയിക്കാൻ പല ന്യായങ്ങളും ഉണ്ട്.

President: At present what is the honourable members objection to the motion that has been proposed by Mr. Govindan.

Mr. N. Velu Achari: സർ, അങ്ങനെയാണെങ്കിൽ ഈ സഭയുടെ അനുമതിയോടുകൂടി ഞാൻ രണ്ടു വാക്കു പറഞ്ഞുകൊള്ളട്ടെ. കഴിഞ്ഞ ബിൽ അസംബ്ലിയിലും കൗൺസിലിലും വന്നപ്പോൾ അതിലുള്ള കുറവു പരിഹരിക്കാനായിട്ട് ഒരു ജായിൻറ് കമ്മറ്റി അംഗീകരിച്ച വിവരം എല്ലാവർക്കും അറിയാം. അങ്ങിനെയൊരു കമ്മറ്റി ഇരിക്കെ ഈ സഭ ഡിസാഗ്രീവു ചെയ്യുകയും ബിൽ ലാപ്സാകുകയും ചെയ്തു. ഇപ്പോൾ അവതരിക്കപ്പെട്ട ബിൽ പഴയ ബില്ലുപോലെയാണെങ്കിൽ പഴയ ബിൽ ഏതു നിലയിൽ ഇരുന്നുവോ ആ നിലയിൽ ഈ ബില്ലും ഇരിക്കണമെന്നാണ് എന്റെ അഭിപ്രായം. സെലക്ട് കമ്മറ്റി പഴയ ബില്ലിനെ സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുകയും അതിൽ പല അബ്ജക്ഷൻ ഉണ്ടാകുകയും അതിനെ ഈ സഭ അംഗീകരിച്ച് ഒരു ജായിൻറ് കമ്മറ്റിയെ നിയമിക്കുകയും ചെയ്തു. അങ്ങിനെ സെലക്ട് കമ്മറ്റിയുടെയും അസംബ്ലിയുടേയും അഭിപ്രായത്തെ ആദരിക്കാതെ ആ ബിൽ ജായിൻറ് കമ്മിറ്റിയിൽ വരികയും ചെയ്തു. ആ അവസ്ഥയിൽ പഴയ ബിൽ ഇരിക്കുന്ന അവസരത്തിൽ ഈ ബിൽ ഇപ്പോൾ അവതരിപ്പിക്കുന്നതു ശരിയാണോ എന്നു ഞാൻ ചോദിക്കുന്നു. മഹാരാജാവുതിരുമനസ്സിലെ ഗവണ്മെൻറിനേയും ഈ സഭയുടേയും നിശ്ചയങ്ങളെ ഞാൻ ശിരസ്സാവഹിക്കാതിരിക്കാൻ നിവൃത്തിയില്ല. ഞങ്ങൾക്കും ലാ അബൈഡിംഗ് പീപ്പിൾ ആണ്.

Mr. K. G. Kunjukrishna Pillai: What ever happened in the Select Committee is not to be discussed here. It is not in order to make a statement on what has taken place in the Select Committee.

President: I take it that before it goes to Select Committee under Standing Order 33 the motion was for recommending that the Bill be committed to the Joint Committee of the two Chambers.

LIBRARY ARCHIVES Kerala Legislative Assembly

Mr. K. G. Kunjukrishna Pillai: That stage is past.

President: Order, order. We must proceed according to rules. Under what provision does the honourable member move the motion just now? Is he moving under Standing Order 62 or under Standing Order 33?

> Standing Order 33 reads thus: "A motion recommending that a Bill be committed to a Joint Committee of both the Chambers, under Rule 51 (1) of the Rules, may be moved at any stage at which a motion for the reference of the Bill to a Select Committee may be moved."

Mr. N. Ramakrishna Pillai: That stage is past because a ruling was made last time. Mr. M. Govindan moved that Standing Order 33 may be suspended. It was practically allowed. The only impediment was ... ...

President: Yes. My memory has been refreshed. On the last occasion I suspended the Standing Order. But at the same time I said that this was a case only of minority and felt very particularly on the matter and I thought that Mr. Velu Achari was taking a great interest. As Mr. Velu Achari was unable to be present on the last occasion it has been adjourned after the suspension of the Standing Order 33. It is open to the member to speak only on the merits.

Mr. N. Velu Achari: എന്റെ അപേക്ഷ ഇതു ജായിന്റ കമ്മിറ്റിക്കു അയക്കുകയോ അല്ലാത്തപക്ഷം ഈ ബില്ലുൽ സമുദായ താല്പര്യത്തെ മുൻനിറുത്തി വേണ്ട ഭേദഗതികൾ ചെയ്തു ഫാജ രാക്കുകയോ ചെയ്യണമെന്നാണു. ഇതേ സമയത്തു കഴിഞ്ഞ സെലക്ട് കമ്മറിയെ സംബന്ധിച്ചു ഒരു വാക്കുകൂടി പറയുവാൻ അനുവദിക്കണമെന്നപേക്ഷിക്കുന്നു. സർ, കഴിഞ്ഞ സെലക്ട്കമ്മറി അപകടമായി സമുദായത്തിന്റെ തെളിവു എടുത്ത അവസരത്തിൽ—

President: As I have already told the honourable member the question of any difficulties of procedure will not really arise for discussion now because the whole matter was considered and debated on the last occasion and the Standing Order was, rightly or wrongly, suspended by the Chair. Once the Standing Order was suspended, the discussion starts. I also suggested then that in the absence of Mr. Velu Achari the Bill should not be proceeded with. The House agreed to that procedure, and therefore adjourned consideration pending the presence of Mr. Achari. He is here now and he is at perfect liberty to assail the Bill on its merits.

Mr. N. Velu Achari: കഴിഞ്ഞ സെലക്ടുകമ്മറിയുടെ നടപടികളെപ്പറ്റി ഞാൻ ഒരു വാക്കു പറഞ്ഞുകൊള്ളട്ടെ.

LIBRARY ARCHIVES Kerala Legislative Assembly

Mr. M. Govindan : He is attacking the procedure, Sir.

Mr. N. Velu Achari : സർ ഇങ്ങിനെ അപേക്ഷിക്കാൻ കാരണം ഈ സമുദായത്തിനുവേണ്ടി കൊണ്ടുവന്നിരിക്കുന്ന ഈ ബിൽ ഇന്നത്തെ കണക്കിൻപ്രകാരം രണ്ടേമുക്കാൽ ലക്ഷം വരുന്ന ഈ സമുദായത്തിനു മുഴുവൻ ഗുണകരമല്ലെന്നാണ്. പഴയ ബിൽ സെലക്ട് കമ്മറ്റിക്കു വന്നപ്പോൾ തിരുവനന്തപുരത്തുവച്ച് ആളുമായിട്ടു തെളിവു കൂട്ടിക്കാമെന്നു നിശ്ചയിച്ചു. ഈ രാജ്യത്തു അകമാനം ചിതറിക്കിടക്കുന്ന അംഗങ്ങളെല്ലാം ഇവിടെ വന്നു മൊഴി കൊടുക്കണമെന്നു പറഞ്ഞു; ഏതാനും ചില ആളുകൾ അതിനു ഹാജരായി. അധികംപേരും വന്നില്ല.

President : Mr. Velu Achari must remember that whether the Chair was right or wrong in making that ruling, it has done that. It is now open for him to deal with the merits of the Bill only and not with the procedure.

Mr. N. Velu Achari : ഈ ബില്ലിനെ സംബന്ധിച്ചു ചില പോരായ്മകൾ ഉണ്ട്. അതിനെ ഈ സഭാസമക്ഷം അറിയിക്കാമെന്നു ഉദ്ദേശിക്കുന്നു. പതിനേഴും പതിനെട്ടുംവകുപ്പുകളിൽ പറയുന്ന അവകാശങ്ങൾ തകരാറായി ഭവിക്കുന്നുണ്ട്. അതായതു് പ്രത്യേകമായും സ്വയാർജ്ജിതമായും പൂർവാർജ്ജിതമായും ഉള്ള സ്വത്തുക്കൾ തമ്മിൽ വ്യത്യാസമില്ലെന്നും അയതു ഈ ബിൽ പാസാക്കുന്ന അന്നുമുതൽ അന്നുള്ള കുടുംബാംഗങ്ങൾക്കു കാഹരിയായിത്തീരുന്നു എന്നും ആണ്. അതുതെ കുടുംബത്തിലെ അംഗത്തിനു പാരമ്പര്യമായി കിട്ടിയിരിക്കുന്ന സ്വത്തുക്കൾപോലെ ഈ ബിൽ പാസാക്കിയ തീയതിമുതൽ അന്നുള്ള സന്താനങ്ങൾക്കും പിതാവിനു സമകാഹരി കണക്കാക്കുന്നതാണെന്നും അപ്രകാരം അതു കാഹരികൾ ക്രയവിക്രയസ്വാതന്ത്ര്യമായി മാറുമെന്നുള്ളതാണെന്നും പറയുന്നു. ഈ അവകാശക്രമം വന്നതിനുശേഷം ഏ വർഷംകഴിഞ്ഞു ഒ കുട്ടികൾകൂടി ആ പിതാവിനുണ്ടാകുമ്പോൾ ആ കുട്ടികളുടെ കാഹരി അവരുടെ ഭാഗത്തിൽനിന്നും പോകുമെന്നുള്ള ഒരു ചോദ്യം ഇവിടെ ഉണ്ടാകും. അതിനൊരു പരിഹാരം ഈ ബിൽ നിർദ്ദേശിച്ചിട്ടില്ല. ഹിന്ദുമിതാക്ഷരാവലംബികൾ ...

President : Is there any ruling of the High Court with reference to the applicability either of the Mithakshara or the Marumakkathayam law to these Kammalas ?

Mr. M. Govindan : There are rulings of the High Court. My memory is that in respect of every locality there are little changes according to the custom.

LIBRARY ARCHIVES Kerala Legislative Assembly

President: My point is this. The preamble of the Bill says

> "Whereas it is expedient to define and amend the law relating to marriage, succession and adoption among the Malayala Kammalas (Viswakarmas) it is enacted ....."

Now the Bill, therefore, postulates the existence of the Malayala Kammalas belonging to the Marumakkathayam law. I take it that that is so because there are certain sections here which make it clear that certain doctrines appertaining to the Mitakshara law are not applicable. It is clear from the Bill therefore that the Bill can only be construed as applicable to those branches which follow the Marumakkathayam law. So far as my understanding of the matter goes, there are certain members of the Malayala Kammala community who follow the Makkathayam or Mitakshara law and some others that follow the Marumakkathayam law and I also understand that there are intermarriages between these two sections. Therefore in the matter of intermarriages, the question would arise as to what law should guide the progeny. I would like to know it in order that we may exactly see the course of the discussion.

Mr. G. Nilakantan (*Co-opted*): Kammalas in Travancore follow the Makkathayam law. കമ്മാളർ സാധാരണ മക്കത്തായ ക്രമമാണ് പിന്തുടരുന്നത്. എന്നാൽ സ്ഥലഭേദം അനുസരിച്ച് ചില വ്യത്യാസങ്ങളുണ്ട്. ഉദാഹരിച്ച് പറയുകയാണെങ്കിൽ കൊല്ലത്തു നിന്നു സ്ത്രീയെ വിവാഹം ചെയ്തു കൊടുക്കേണ്ടിവന്നാൽ ...

President: Supposing any of the members of the family gets employment outside and goes away from Quilon: Will the personal law follow him or her?

Mr. G. Nilakantan: കൊല്ലത്തിനു വടക്കു ഭാഗങ്ങളിൽ ഒരു പുരുഷൻ മരിച്ചാൽ പുരുഷന്റെ അവകാശം ഭാര്യക്കോ പെൺകുട്ടികൾക്കോ ഇല്ല. ജ്യേഷ്ഠനോ അനുജനിന്റെ മക്കൾക്കുമാണ് അതിന്റെ അവകാശം.

President: I am quite puzzled. If this is so, is there any section preserving the personal law? If as a matter of fact the case is what the honourable member stated to be the law, honourable members will see that if this Bill is passed in its present form, it will impose upon those persons who are now guided by personal laws, a uniform system which is not in conformity with the personal laws. Should there not be a Section for that? Great law-givers have stated that custom is the paramount source of law. So, what is the opinion of the honourable members on this?

LIBRARY ARCHIVES Kerala Legislative Assembly

Mr. M. Govindan: A number of witnesses have been examined in connection with this. And they have all agreed .. ....

President: How many were the witnesses?

Mr. G. Nilakantan: About 400, Sir.

President: What is the population?

Mr. G. Nilakantan: Two lakhs.

Mr. N. Velu Achari: സർ, അങ്കലെയിരിക്കുന്ന എനിക്ക് കേരംവിക്കുറവുകൊണ്ടും മറും അല്പശ്രുതിപിഠത്തുനിന്നും ആജ്ഞാപിക്കുന്നത് എല്ലാം നല്ലതുപോലെ മനസ്സിലാകാതെ ചെയ്തിട്ടുള്ള എന്റെ പ്രസ്താവനയിൽ ചില വ്യതിയാനം വന്നിട്ടുണ്ടെന്നു ഞാൻ സംശയിക്കുന്നു. ഇനി ക്ഷുദ്രൻ ശ്രദ്ധിച്ചുകൊള്ളാം. കഴിഞ്ഞ കാലങ്ങളിൽ ബില്ലിന്റെ പൊതുവിമർശനമാണു ഞാൻ നടത്തിയിട്ടുള്ളൂ. എന്നാൽ ഇപ്പോൾ ബില്ലിന്റെ ദോഷവശങ്ങളെപ്പറ്റി പറയാൻ ആജ്ഞാപിച്ചതിൽ സന്തോഷമുണ്ട്.

സർ, ഈ ആർട്ടിസൻ വർഗ്ഗക്കാരെ മുഴുവനും ഗവണ്മെൻറ് ഒന്നായിത്തന്നെ ഗണിച്ച തൊഴിൽപരമായി ഏഴെട്ട് വിധം തരം തിരിച്ചിരിക്കുന്നു. അതായതു ആശാരി, മൂശാരി, കൊല്ലൻ, തട്ടാൻ കല്ലൻ, വില്ലാശാൻ, വിൽക്കുറുപ്പ്, തച്ചൻ, ഈർച്ചകൊല്ലൻ എന്നിങ്ങനെയാണ്. ഇവർക്കുള്ള ഓരോ തൊഴിലും അതിൽ പറഞ്ഞിരിക്കുന്നു. അതിൽതന്നെ എന്നെപ്പോലുള്ള പുരാതനകുടുംബക്കാരും ഈ സംസ്ഥാനത്തെ ക്ഷേത്രവിഗ്രഹനിർമ്മാണം ചിത്രപ്പണിമുതലായി വിശിഷ്ടകർമ്മങ്ങളും അനുഷ്ഠിച്ചുവന്നിട്ടുള്ളവരും ആയ നാച്ചുറലയിസ്ഡ് മലയാളം സ്പീക്കിംഗ് വിശ്വകർമ്മാക്കളേയും പാറിപറയുന്നു.

ഉദാഹരണമായി ഫർ ഫ-ലെ സെൻസസ് റിപ്പോർട്ടിൽതന്നെ "These Malayala Kammalas should not, however, be confused with the naturalized malayalam speaking Kammalas of the other caste etc." എന്നു പറയുന്നു. എന്നാൽ ഇതനുസരിച്ചു പരമാത്മാറിക്കാഡ്സ് പ്രകാരം പറയുകയാണെങ്കിൽ നാച്ചുറലയിസ്ഡ് മലയാളം സ്പീക്കിംഗ് കമ്മാളർ, തമിഴ് കമ്മാളർ, മലയാളകമ്മാളർ എന്നിങ്ങനെ മൂന്നു വിഭാഗങ്ങളും ഉണ്ട്. അവരെ തമ്മിൽതമ്മിൽ തിരിച്ചറിവാൻ പയ്യാപ്പമായി ഇവിടെ കൊണ്ടുവന്നിരിക്കുന്ന ബില്ലിൽ യാതൊരു വ്യവസ്ഥയും കാണുന്നില്ല; തമിഴ് കമ്മാളരേയും ഹിന്ദുമിതാക്ഷരാചാരാവലംബികളും നാട്ടുഭാഷ സ്വീകരിച്ചവരുമായ വിശ്വകർമ്മരേയും അപമാനിക്കാനും അവശരാക്കാനുമാണു ഈ ബിൽ ഇവിടെ കൊണ്ടുവന്നിരിക്കുന്നതു്. ഈ ബിൽ ബഹുമാനപ്പെട്ട ഗവണ്മെൻറും

LIBRARY ARCHIVES Kerala Legislative Assembly

മഹാസഭയും പാസാക്കുന്നപക്ഷം ഈ സമുദായം അലങ്കോലമാകും. അങ്ങനെ വരുന്നതായാൽ അതു ഞങ്ങളുടെ വിധിവൈഭവമാണെന്നു ഞങ്ങൾ സമാധാനപ്പെട്ടുകൊള്ളാം. ഒന്നായിരിക്കുന്ന ഈ ജനങ്ങളെ വിഭജിച്ചുകൊണ്ടുള്ള ഈ ബില്ലിൽ ഞങ്ങൾ പല ന്യൂനതകളും കാണുന്നുണ്ട്.

ഉദാഹരണമായി വിവാഹമോചനം, സ്ത്രീധനം എന്നീ ഏർപ്പാടിനെ സംബന്ധിച്ചു ഈ ബില്ലിൽ പറയുന്നഭാഗം നോക്കാം. ഹിന്ദുമിതാക്ഷര നിയമം അനുസരിച്ചു വരുന്ന ഒരു വിശ്വകർമ്മന്റെ കുടുംബത്തിൽ ഒരു യുവാവു് കല്യാണം കഴിക്കുന്നു എന്നിരിക്കട്ടേ. ഈ കമ്മാളനിയമം അനുസരിച്ചു സ്ത്രീധനമോ അല്ലെങ്കിൽ വിവാഹമോചനപരിഹാരമോ ആവശ്യപ്പെട്ടു എന്നു വിചാരിക്കും, ആ സ്ത്രീയുടെ പിതാവു താൻ ഹിന്ദുമിതാക്ഷരനിയമമനുസരിച്ചു കഴിയുന്നവനാണെങ്കിൽ ഈ പുതിയ ബില്ലിന്റെ പരിധിയിൽപ്പെട്ട ആളല്ലെന്നും അതിനാൽ സ്ത്രീധനമോ പരിഹാരമോ കൊടുക്കുവാൻ അവകാശമില്ലെന്നും പറഞ്ഞു നിരസിക്കയും ചെയ്യുമെന്നിരിക്കട്ടെ. ആ യുവാവു് സ്ത്രീധനം പരിഹാരം എന്നവ കിട്ടണമെന്നു ആവശ്യപ്പെട്ടു കേസ് കൊടുക്കുന്നതായാൽ കോടതികാര്യം എങ്ങനെ തീരുമാനിക്കും? ഇതു് ഒരു കുഴപ്പത്തിനും ന്യൂനതയുള്ളതും ആണെന്നു ആക്ഷേപം ബോദ്ധ്യം വരുമെന്നാണു എന്റെ വിശ്വാസം. ഇതുനിമിത്തം സമുദായത്തിൽ വലിയവലിയ ഛിദ്രം ഉണ്ടാകുമെന്നു ഞാൻ ബലമായി വിശ്വസിക്കുന്നു.

ബഹുമാനപ്പെട്ട മെംബർ മി. എം. ഗോവിന്ദൻ ഈ ബില്ലിൽ ക്ഷ ർ ൦ ൦ ൦ തമിഴ് കമ്മാളന്മാരെ ഒഴിവാക്കിട്ടുണ്ടെന്നു പറയുന്നതു ഏതു നിലയിലാണു ക്ഷ ർ ൧ ൦ ൦ എന്നു കണ്ക്കുകൊണ്ടു കാണിക്കുന്നതു്? ഓരോ തൊഴിൽചെയ്യുവരുന്നവരെയും ഓരോ ജാതിയായി അല്ലെങ്കിൽ ഓരോ ക്ലാസ്സായി ഈ ബില്ലിനുവേണ്ടി കണക്കാക്കുന്നുവെങ്കിൽ അതു് അപകടത്താണു്.

Mr. N. Narayana Kurup: Sir, may I know what is the definition of Malayala Kammalas?

President: It is the class of people of whom the other honourable member spoke. But do they come within the description of Malayala Kammala or Tamil Kammala and the personal law referred to by the honourable member?

Mr. M. Govindan : They all come within Malayala Kammalas.

President : But apart from Tamil Kammalas, even amongst those who can be properly and strictly called Malayala Kammalas, there are persons who follow something other than Mithakshara or Marumakkathayam law but the personal law.

LIBRARY ARCHIVES Kerala Legislative Assembly

Mr. M. Govindan: But there is clause 40 which speaks about the personal law.

President: But that will not affect the point. Rights which have become vested rights on the date of the operation of this Bill will not be affected. But the future progeny of the children born to persons who today follow the personal law will be governed by this law. That is the construction which any court of law will put upon this.

Mr. K. G. Kunjukrishna Pillai: Sir, the main purpose of this bill is to see that a uniform law is codified for that community so that no custom or other thing could be referred to.

President: Having known Mr. Velu Achari fairly long enough, is the honourable member a Tamil Kammala or a Malayala Kammala?

Mr. N. Velu Achary: ഞാൻ പരമ്പരയാ തമിഴ് വിശ്വകർമ്മനും, ഹിന്ദുവൈദികാചാരം അനുഷ്ഠിക്കുന്നവനും മലയാളം സംസാരിക്കുന്നവനും ആകുന്നു. ഇങ്ങനെ രണ്ടുകൂട്ടരുടെ ഒരു കുഴഞ്ഞ മട്ടിലാണ് ഈ വസ്തുതിന്റെ നില.

സർ, ഇനി ബില്ലിലെ, വകുപ്പ് കളെപ്പറ്റി പറയുകയാണെങ്കിൽ ക്ലോസ്സ് ത്രീ-വകുപ്പ് ർ-ൽ തമിഴ് കമ്മാളരെ കുഴിവാക്കിയിരിക്കുന്നു. അതു ർ,൦൦൦ എന്നും പറയുന്നു. ഈ ർ,൦൦൦ പേരെ എങ്ങനെ മാറിനിറുത്താൻ കഴിയുമെന്നും അവരെ ഏതുതരത്തിൽ വേർതിരിച്ചറിയുവാൻ കഴിയുമെന്നും ഞാൻ ചോദിച്ചുകൊള്ളട്ടെ. ഇതുകൊണ്ട് കമ്മാളർ അഥവാ വിശ്വകർമ്മാക്കൾ ൨,൯൩,൦൦൦ ഉണ്ടെന്നു സെൻസസ്സിൽ പറയുന്നു. അതിൽ മലയാളകമ്മാളർ എത്ര? തമിഴ കമ്മാളർ എത്ര? നാച്ചുറലൈസ്ഡ് മലയാളം സ്പീക്കിങ്ങ് കമ്മാളർ എത്ര എന്നു അറിവാൻ കഴിവില്ല. അവരെ കണക്കാക്കുന്ന മാനദണ്ഡം എങ്ങിനെ എന്നും എത്രമാത്രം ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല.

സർ, ഈ ബില്ലിലെ ക്ലർ-ം, ക്ലെ-ം, ക്ലവ-ം വകുപ്പുകളിൽ അവകാശക്രമത്തെപ്പറ്റിപ്പറയുന്ന മാതൃത്തു് അൻസെസ്ട്രൽ പ്രോപ്പർട്ടിയേയും സെപ്പറേറ്റ് പ്രോപ്പർട്ടിയേയും സെൽഫ് അക്വയർഡ് പ്രോപ്പർട്ടിയേയും സംബന്ധിച്ചു് ഒന്നോരണ്ടോ വ്യത്യാസവുമില്ലെന്നും ഒരു കുടുംബത്തിലെ ജനനം കൊണ്ടു് ഒരുവൻ ആ കുടുംബത്തിലെ സ്വത്തുക്കൾക്ക് അവകാശം സിദ്ധിക്കയില്ലെന്നും കാണുന്നു. എന്നാൽ പ്രത്യേകവും സ്വയാർജ്ജിതവും പൂർവ്വാർജ്ജിതവുമായുള്ള സ്വത്തുക്കളുടെ ഓഹരി കിട്ടുമെന്നും കാണുന്നു. അങ്ങനെയാണെങ്കിൽ ഇന്നയത്ത ഒരു കുടുംബത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഒരു പിതാവും ഒരു സന്താനവും ഉണ്ടെന്നിരിക്കട്ടെ. ഈ ബിൽ പാസ്സായതിനുശേഷം ഇതിലെ വ്യവസ്ഥപ്രകാരം അന്നുതന്നെ അന്നുള്ള പുത്രന്റെ പിതാവിനും കുടുംബത്തിലെ സ്വത്തുക്കൾ മുഴുവനും കാഹരികളായി ക്രയവിക്രയസ്വാതന്ത്ര്യത്തോടുകൂടി തിരിയുന്നു. ആ പിതാവിന് പത്തുവർഷത്തിനിടക്ക് അഞ്ചു സന്താനങ്ങൾകൂടി ഉണ്ടായാൽ ആ ബാക്കി അഞ്ചു സന്താനങ്ങൾക്ക് സ്വത്ത് എങ്ങനെ എതിൽനിന്നും കിട്ടും?

സർ, നായർ ബിൽ പാസ്സായിട്ട് ഇപ്പോൾ ഉദ്ദേശം 20 കൊല്ലമായി. ഇപ്പോൾ ആ ബില്ലിലുള്ള അനേകം ന്യൂനതകൾ മാറുന്നതിന് ഒരു അമൻറുമെൻറു ബിൽ അവതരിപ്പിച്ചു് വാദിച്ചുവരികയാണല്ലോ. തിരുവിതാംകൂറിൽ നായന്മാക്കുള്ളതുപോലെ ഭൂസ്വത്തുക്കൾ മറ്റു സമുദായങ്ങൾക്കില്ല. എന്നിട്ടും അവരുടെ വസ്തുക്കൾക്ക് നായർബിൽമൂലം നാശം വന്നിരിക്കുന്നു എന്നു കണ്ടപ്പോൾ അതിനെ തടയാൻ നിയമങ്ങൾ നിർമ്മിച്ചുവരുന്നു. വളരെ നിഷ്കർഷയോടുകൂടിയ റെസ്ട്രിക്ഷൻ കാഹരികളാക്കുന്നതിനു പ്രതിബന്ധമായുണ്ടായിരുന്നിട്ടും ഇങ്ങനെ സംഭവിച്ചിരിക്കുന്നു. ഇങ്ങനെയിരിക്കെ ഇപ്പോൾ ഞങ്ങളുടെ സമുദായത്തിന്റെ ആവശ്യപ്രകാരമല്ലാതെ ഇവിടെ ഹാജരാക്കിയിരിക്കുന്ന ഈ ബിൽ പാസ്സാക്കി പറയത്തക്കവണ്ണം ഭൂസ്വത്തില്ലാത്ത സാധുക്കളായ ഞങ്ങളുടെ തലയിൽ കെട്ടിവയ്ക്കുന്നതു് സങ്കടകരമാണു്.

സർ, നായർ ബിൽ, ഈഴവർബിൽ, ക്ഷത്രിയബിൽ എന്നീ നിയമങ്ങളിൽ ഒന്നിലും തന്നെ ഇല്ലാത്ത ഒരു വിശേഷം ഈ ബില്ലിൽ കാണുന്നുണ്ടു്. അതായതു മുൻപറഞ്ഞ നിയമങ്ങളിൽ തറവാട്ടുസ്വത്തുക്കളെ സംബന്ധിച്ചു് കാഹരികൾ വീതിക്കുന്നതിനു് ആ തറവാട്ടിലെ പ്രായപൂർത്തി വന്ന സകല അംഗങ്ങളും യോജിച്ചു് ഓഹരിക്കണമെന്നാണു നിയമം. വസ്തുക്കൾ ഉടനടി തുണ്ടുതുണ്ടാക്കാതെ ഇരിക്കുന്നുള്ള നിർബന്ധം ആ നിയമങ്ങളിൽ ഉണ്ടായിരിക്കുമ്പോൾ പറയത്തക്കവണ്ണം വസ്തുക്കൾ ഇല്ലാത്തവരും തികച്ചും വ്യവസായികളുമായ ഈ സാധുജനങ്ങൾക്കായിക്കൊണ്ടുവന്നിട്ടുള്ള ഈ ബില്ലുകൊണ്ടു് അവർ അറിയാതെ തന്നെ തറവാട്ടു വസ്തുക്കൾ തുണ്ടുതുണ്ടായിത്തീരുന്നു. ഇതു് എന്തൊരു സമുദായം സംഭിക്കും!

ഈ ബില്ലിലെ നവ-ാംവകുപ്പിൽ ദത്തു എടുപ്പിനേപ്പറ്റി പറയുന്നു. ഹിന്ദുമിതാക്ഷരാ പ്രകാരം നടന്നുവരുന്ന എന്റെ സമുദായത്തിലെ ഒരു വിശ്വാസമെന്നു ഒരു ആണു സന്താനമില്ലാതെ പോയാൽ വേറെ ഒരു കുടുംബത്തിൽനിന്നും ഒരു ആൺകുട്ടിയെ ദത്തെടുക്കാം. ഈ ബില്ലിലാകട്ടെ സ്ത്രീസന്താനമുണ്ടെങ്കിൽ ദത്തു എടുക്കാൻ പാടില്ലായെന്നു

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. Velu Achary.]

പറയുന്നു. ഒരു പിതാവിനോട് പുത്രനുള്ള കടപ്പാട് ഭൌതികവും ആത്മികവുമായ കാര്യസാദ്ധ്യത്തിനു വേണ്ടിയാണു. ഇതു് ഉദ്ദേശിച്ചായിരിക്കണം സ്ത്രീസന്താനം ഉണ്ടായിരുന്നാൽ തന്നെയും ഒരു ആൺകുട്ടിയെ ദത്തു് എടുക്കാമെന്നു ഹിന്ദുലാ നിർദ്ദേശിക്കുന്നതു്.

പിതാവിന്റെ മരണാനന്തരകർമ്മങ്ങൾ നടത്തുവാനാണ് ഒരു പുത്രന്റെ ആവശ്യം. സ്ത്രീസന്താനത്തിനെക്കൊണ്ടു് വൈദികകർമ്മങ്ങൾ നടത്തുന്നതു് വൈദികവിധിപ്രകാരം ശരിയല്ലല്ലൊ. ഇങ്ങനെ ഈ ബില്ലിൽ പല തകരാറുകളും ഉണ്ടു്. ഈ മഹാസഭയിൽ വച്ചു് ഈ സമുദായത്തെ അലക്കോലപ്പെടുത്തണമെന്നുള്ള ഉദ്ദേശമാണോ ഈ ബില്ലിനു പ്രേരകമായിത്തീർന്നതു് എന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

സർ, എനിക്കു ഒരു പതിനഞ്ചുദിവസത്തെ സൗകര്യം തരുന്നപക്ഷം. ഈ ബില്ലിന്റെ ദോഷവശങ്ങളെ എതിർത്തുകൊണ്ടിരിക്കുന്നവരിൽ കുറഞ്ഞതു പതിനായിരം ആളുകളെക്കൊണ്ടെങ്കിലും ഈ ബില്ലിൽ ഞങ്ങളുടെ സമുദായത്തിനു ആവശ്യമില്ലെന്നു ഇവിടെ പറയിക്കാം. ഈ ചരമാന്ത്യ സംഗതികൾ അവർ അറിയണമെന്നു മാത്രമേയുള്ളൂ.

President: I think I have said more than once that it is no use now going into procedural matters or some mistake which Mr. Nilakantan made or the honourable member himself has made or Mr. Govindan has made. If you have any objection to the Bill you may proceed with your remarks on that. You may leave it to the House to decide one way or the other.

Mr. G. Ravi Varma: ഈ ബില്ലു് സെലക്ട് കമ്മിറ്റിക്കയയ്ക്കുന്നതു ബഹുമാനപ്പെട്ട മെമ്പർക്കു സമ്മതമാണൊ?

Mr. N. Velu Achary: ഞങ്ങളുടെ സമുദായത്തിനു യോജിച്ച രീതിയിൽ ഉള്ള ഒരു ബില്ലായിരുന്നു എങ്കിൽ സമ്മതിക്കാമായിരുന്നു. ഈ ബില്ലുകൊണ്ടു് ഞങ്ങളുടെ സമുദായത്തിലെ വിഭാഗത്തിനെ തിരിച്ചറിയാൻ നിവൃത്തിയില്ല. മഹാരാജാവു തിരുമനസ്സിലെ ഗവണ്മെന്റും ഈ ബഹുമാനപ്പെട്ട സഭയും എങ്ങിനെ ചെയ്യണമെന്നു തീരുമാനിക്കുന്നുവോ അപ്രകാരം ചെയ്യാം. ഈ ബില്ലിന്റെ പശ്ചാലോചനയ്ക്കും മറ്റുമായി ഞങ്ങളുടെ സമുദായത്തിലെ മി. ജനാർദ്ദനൻ അഡ്വക്കേറ്റ്, ബി. എ., ബി. എൽ. എന്നൊരാളെ നാമിനോറ ചെയ്തിരുന്നു. അദ്ദേഹം പറയുന്നതും ഇങ്ങനെയാണു്. "ഈ സമുദായത്തിൽപ്പെട്ട എല്ലാ വിഭാഗത്തേയും

LIBRARY ARCHIVES Kerala Legislative Assembly

ന്നായിട്ടാണ് ബഹുമാനപ്പെട്ട ഗവണ്മെൻറ കക്ഷി വന്നിട്ടുള്ളത്. ആ സംഗതിയെപ്പറ്റി ആരും ആക്ഷേപം പറഞ്ഞിട്ടില്ല. എന്നാൽ ഒരു നിയമം ഉണ്ടാക്കുമ്പോൾ എല്ലാ വിഭാഗങ്ങളേയും ബന്ധിപ്പിക്കുന്നതു നല്ലതാണ്''

വിവാഹം, വിവാഹമോചനം, വിധവാവിവാഹം ഇവയെല്ലാം ഹിന്ദു ലാ അനുസരിച്ചു നടത്തുന്നു. ഇങ്ങനെയുള്ള ചില ആചാരങ്ങളോ യിരിക്കാം പ്രതിപക്ഷക്കാർക്ക് പ്രേരകമായി തോന്നിയതെങ്കിൽ അവരുടെ പ്രവൃത്തി തെറ്റു തന്നെയാണ്. അല്ലാതെ സമുദായം ഒരു തരത്തിലും നിയമരീത്യാ വഴി തെറ്റിപ്പോയിട്ടില്ല. ബിൽ പ്രയോക്താക്കൾ വിശ്വകർമ്മ സമുദായത്തിന്റെ നിയമം തെറ്റിട്ടുണ്ടെന്നും അതു സംബന്ധിച്ചു വലിയ കേസുകൾ ഉണ്ടായിട്ടുണ്ടെന്നും അതിനെ സംബന്ധിച്ചു ബഹുമാനപ്പെട്ട ഹൈക്കോടതി റൂളിംഗ് ചെയ്തിട്ടുണ്ടെന്നും പറയുന്നു. അങ്ങിനെയുണ്ടെങ്കിൽ അതു അവർ തെളിയിക്കട്ടെ എന്നു ഞാൻ വെല്ലുവിളിക്കുന്നു. എന്നാൽ എന്തെങ്കിലും, ഇപ്പോൾ ഇരിക്കുന്ന രീതിയിൽനിന്നും മാറ്റം വരുത്തണമെങ്കിൽ എല്ലാവരുടേയും അഭിപ്രായം അറിഞ്ഞു വേണം. തിരുവിതാംകൂറിന്റെ നാനാഭാഗത്തും ഈ സമുദായത്തിൽപ്പെട്ട ആളുകളുള്ളതിനാൽ യോഗങ്ങൾ വിളിച്ചുകൂട്ടിയോ, മറ്റുവിധേനയോ ആ വരുടെ എല്ലാവരുടേയും അഭിപ്രായം അറിയണം. അപ്രകാരമുള്ള അഭിപ്രായം അറിയാത്തതിനാൽ ഇപ്പോൾ അവതരിപ്പിച്ചിട്ടുള്ള ഈ ബിൽ പാസാക്കാതെ ഉപേക്ഷിക്കുകയും തിരുവിതാംകൂറിന്റെ നാനാഭാഗങ്ങളിലുമുള്ള തങ്ങളുടെ സമുദായാംഗങ്ങളുടെ അഭിപ്രായത്തോടുകൂടി എഴുതി ഉണ്ടാക്കുന്ന ഒരു ബില്ല് വരുമ്പോൾ ആ ബില്ലിനെ അനുകൂലിച്ചു്, ആവശ്യമെന്നു തോന്നുന്ന ഭേദഗതികളോടുകൂടി പാസാക്കി തന്നാൽ മതി എന്നതാണു എന്റെ വിനീതമായ അഭിപ്രായം. ബഹുമാനപ്പെട്ട ഗവണ്മെൻറിൽനിന്നു തന്നെ ഞങ്ങളുടെ സമുദായരക്ഷക്കുവേണ്ടി ഒരു ബില്ല് വേണമെന്നുണ്ടെങ്കിൽ സമുദായം ഏകോപിച്ചു കാൺഫറൻസു കൂടി അങ്ങിനെ അനാവശ്യപ്പെടുന്നപക്ഷം വേണ്ടതു ചെയ്യാമെന്ന് സമ്മതിച്ചിട്ടുണ്ട്. പക്ഷെ ഈ ബിൽ ഇവിടെ കൊണ്ടുവന്നതു സമുദായത്തിന്റെ അഭിപ്രായപ്രകാരമല്ല. അതുകൊണ്ട് ഈ ബിൽ ഉപേക്ഷിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഈ ബില്ലിനെപ്പറ്റിയുള്ള കൂടുതൽ കാര്യങ്ങൾ എടുത്തു പ്രത്യേകം മുണ്ടിക്കാണിച്ചു പറയത്തക്കവണ്ണം ഞാൻ അതു തൊട്ടും പഠിച്ച ഒരു നിയമജ്ഞനോ ശാസ്ത്രിമാരോ അല്ല.

LIBRARY ARCHIVES Kerala Legislative Assembly

Mr. G. Nilakantan: There is absolutely no difficultiy in distinguishing between a Tamil Kammala and a Malayala Kammala. Any man in the street will tell whether one is a Tamil Kammala or a Malayala Kammala. The Census Commissioner has simply recorded the names as given by the people themselves. Some have given their names as Tamil Kammalas and others have given their names as Malayala Kammalas. My friend Mr. Velu Achari had not the courage to answer whether he is a Tamil or a Malayala Kammala. He said he follows the Tamil *acharams*. For that matter he may follow the Mahommedan *acharams*. The Bill is concerned with those who follow Malayala *acharams*. He had not the courage to say whether he is a Tamil or Malayala Kammala. Before the Select Committee his half brother deposed that he is a Malayala Kammala.

Mr. N. Velu Achary: ഈശ്വരകാരുണ്യത്താൽ ഞാൻ ഈ സമുദായത്തിൽ ജനിച്ചു, അതിൽ വളർന്നു അതിനുവേണ്ടി പ്രവർത്തിക്കുന്നു എന്നുള്ളതുകൊണ്ടു അവരുടെ യഥാർത്ഥസംഗതികൾ ഈ മഹാസഭാ സമക്ഷം അറിയിക്കുകയാകുന്നു. ഈ ബില്ലിലുള്ള ന്യൂനതകൾ ഇപ്പോഴെങ്കിലും അവതരിപ്പിച്ചതായ ബഹുമാനപ്പെട്ട മെംബർ അറിഞ്ഞിരിക്കുമെന്നും അദ്ദേഹം ഇതു ഉപേക്ഷിക്കുമെന്നും വിശ്വസിക്കുന്നു. ക്ഷമാപൂർവ്വം ബഹുമാനപ്പെട്ട ഗവണ്മെൻറും ഈ സഭയും ഇതുവരെ ഈ നിയമസംഗതിയിൽ സമുദായത്തിനുവേണ്ടി ചെയ്തുതന്നിട്ടുള്ള സഹായങ്ങൾക്കു സമുദായത്തിനുവേണ്ടി ഞാൻ എന്റെ നന്ദിയെ പ്രകടിപ്പിച്ചുകൊണ്ടു ഈ ബിൽ ഉപേക്ഷിക്കണമെന്നു അപേക്ഷിക്കുന്നു.

President: The honourable member may come nearer. Mr. Nilakantan may repeat his observations.

Mr. G. Nilakantan: My honourable friend, Mr. Velu Achari, cannot give a definite answer whether he is a Tamil or a Malayala Kammala. Any one in the street will say that Mr. Velu Achari is a Malayala Kammala. He has married a Malayala Kammala. His mother comes from Ettumanur. So, there is absolutely no difficulty to distinguish between a Tamil and a Malayala Kammala. Mr. Velu Achari was saying that he will produce 10,000 persons to give evidence here. On the 24th Edavom there was a big meeting which was attended by 2,000 Kammalas presided over by Mr. Ravi Varma Raja. In this meeting Mr. Velu Achari wanted to move a resolution to the effect that Kammalas of Central Travancore should be exempted from the Kammala Bill. The result was that he was hooted and sent out of the meeting.

LIBRARY ARCHIVES Kerala Legislative Assembly

Mr. A. N. Satyanesan : ബഹുമാനപ്പെട്ട മെംബർ അവിടെ സന്നിഹിതനായിരുന്നോ അതോ കേട്ടുകേൾവിയോ?

Mr. G. Nilakantan : ഞാൻ അല്ല കേട്ടിരുന്നു.

I did not attend but I got letters to that effect. I was to open the meeting.

Mr. N. Narayana Kurup : May I know whether that meeting was convened by the honourable member who now speaks?

Mr. G. Nilakantan : I had nothing to do with the meeting.

In the Bill there is no difference between self-acquired property and ancestral property. The necessity for a Bill of this sort was felt for a very long time and it is due to the suffering of the people that I brought forward this Bill. It is not for the sake of honour or anything of that sort. I really understood the situation of the people. I will mention a pathetic incident. The father of a brilliant B. Sc., student died all of a sudden. The father's brothers all joined together and said that they had no such brother and that he had no such son.

President : How would this Bill help it?

Mr. G. Nilakantan: If rules were framed, such things would not have occurred. With the help of other people he got over the difficulty.

Then a word with regard to Division. Mr. Velu Achari made much of the provision regarding Division. The Bill provides that on the day it is passed each member's share shall be determined. If the members are willing they may remain together as joint family

President: I think Mr. Velu Achari's objections were with regard to clauses 17 and 18.

Mr. M. Govindan : We have got very little time.

President: There is no time limit for Bills.

Mr. M. Govindan: If the Bill has to be passed, Mr. Nilakantan must finish soon.

President: We can't help it. We have got one and a half minutes more.

Mr. G. Nilakantan: There is no distinction between self-acquired and ancestral property.

Mr. M. Govindan: I move that the Bill may be put to the House.

Mr. K. G. Kunjukrishna Pillai: But that cannot be done in the middle of a speech.

President: Have you finished Mr. Nilakantan?

Mr. G. Nilakantan: Yes, Sir.

LIBRARY ARCHIVES Kerala Legislative Assembly

Mr. G. Ravi Varma : Sir, I wish to speak a few words on the Bill,

President : The House will now prorogue.

The House prorogued at 5-30 P. M.

Appendix

To

The Sri Chitra State Council,

Whereas a Bill entitled the Travancore Kammala (Viswakarma) Bill is now under the consideration of the Council the humble petition of N. Janardhanan Achary the Secretary of the All Travancore Artisans' Association and others.

Sheweth.

(1) The Viswakarma Community is ever grateful to the Government of Travancore and the Legislature for all the kindness that the Government and the Legislature have shown to this community hitherto. It is with extreme sorrow that we have to submit here that the Bill as now introduced in the Council has not got the support of the community.

(2) Mr. M. Govindan, an Ezhava member of the Council has introduced this present Bill without any pressure from the Viswakarma Community, and without having properly studied in detail the traditions, customs and manners and also the historicity of the Viswakarmas. It is most detrimental to the interests of this historical Community which hitherto has been following the Hindu Mithakshara Law. The previous discussion about a similar Bill in a prior Legislative Assembly proves beyond doubt that as it is, this Bill is not acceptable to the Community.

(3) Therefore The All Travancore Artisans' Association and other Viswakarma Samajams and eminent members of the Community have hereby authorised M. R. Ry., N. Velu Achary Avl., (co-opted) member to the accompanying memorandum containing the gist of the discussion in the former Sri Mulam Assembly being printed for submission and circulation.

(4) We would therefore submit that when the Bill comes up for discussion before the Council a favourable and sympathetic attitude be shown toward all our just aspirations meant to protect and safeguard the integrity of the race and its wealth and position in the land. The need for reform should come from within, not without.

(5) While expressing here our heartfelt gratitude for all the kind sentiments expressed by this House for and on behalf of the Community, the petitioners submit that the house and also the Government would lend their sympathetic support to the majority view of the Community when it prays for the rejection of the Bill.

(6) This fact will be clear from the mass memorial submitted in the Sri Mulam Assembly on the 4th of August 1937 with signatures of approximately seven thousand heads of families praying for the rejection of the Kammala Bill.

(7) When the same Bill came up before the Select Committee another mass memorial withover two-thousand signatures of South Travancore Viswakarmas was put in with the object of the Bill being thrown out.

LIBRARY ARCHIVES Kerala Legislative Assembly